## കാലാവസ്ഥ

വ്യാഴം, വെള്ളി ദിവസങ്ങളിൽ സംസ്ഥാനത്ത് കനത്തമഴയ്ക്കു സാധ്യതയുള്ളതായി കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം അറിയിച്ചു. ഇന്നും നാളെയും കേരളത്തിൽ വ്യാപകമായി മഴ പെയ്യും. പെയ്ത മഴ: പിറവം, വെള്ളായണി- മൂന്ന് കോഴാ, കുമരകം, തിരുവനന്തപുരം വിമാനത്താവളം വർക്കല രണ്ട്, കൊടുങ്ങല്ലൂർ, സിയാൽ കൊച്ചി, ആലപ്പുഴ, കാഞ്ഞിരപ്പള്ളി, വൈക്കം- ഒന്ന് സെന്റിമീറ്റർ.

**താപനില**
(ഡിഗ്രി സെൽഷ്യസ്)
കോഴിക്കോട് 37.2- 27.9
കൊച്ചി 34.2- 26.4
തിരുവനന്തപുരം 33.5- 25.8

## നാവിക ആസ്ഥാനത്തു സുരക്ഷാ ഉദ്യോഗസ്ഥൻ വെടിയേറ്റു മരിച്ച നിലയിൽ

**കൊച്ചി:** കൊച്ചി ദക്ഷിണമേഖലാ നാവിക ആസ്ഥാനത്ത് സുരക്ഷാ ഉദ്യോഗസ്ഥനെ വെടിയേറ്റു മരിച്ച നിലയിൽ കണ്ടെത്തി. ഡിഫൻസ് സെക്യൂരിറ്റി കോർപ്സ് (ഡിഎസ്സി) ജവാൻ തൃശൂർ കോഞ്ചിറ റോഡ് അമ്മൻകുഴി റോഡിൽ കരിങ്കപുള്ളി കൃഷ്ണന്റെ മകൻ ശിവദാസൻ (53) ആണ് മരിച്ചത്. ഇന്നലെ പുലർച്ചെ ഒന്നരയോടെയായിരുന്നു സംഭവം.

രാത്രി 11 മുതൽ മൂന്നു വരെയുള്ള ഷിഫ്റ്റിൽ നാവികസേനാ ആസ്ഥാനത്തിനകത്തുള്ള അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലെ എയ്ഡ്പോസ്റ്റിലായിരുന്നു ശിവദാസനു ഡ്യൂട്ടി. വെടിയൊച്ച കേട്ട് സുരക്ഷാ ഉദ്യോഗസ്ഥരെത്തിയപ്പോഴാണ് ശിവദാസനെ ചോരയിൽ കുളിച്ച നിലയിൽ കണ്ടത്. സ്വന്തം തോക്കിൽ നിന്നാണു ശിവദാസന് വെടിയേറ്റത്.

ശിവദാസന്റേത് ആത്മഹത്യയോ അബദ്ധത്തിൽ വെടിപൊട്ടിയുള്ള അപകടമരണമോ ആകാമെന്നാണ് പോലീസിന്റെ നിഗമനം. ഇൻസാസ് റൈഫിൾ ഉപയോഗിച്ചു വളരെ അടുത്തുനിന്നാണ് വെടിയുതിർത്തിരിക്കുന്നത്. കീഴ്ത്താടിയിൽനിന്ന് തലയിലേക്ക് തുളച്ചു കയറിയ വെടിയുണ്ട തലയോട്ടി തകർത്ത് പുറത്തേക്ക് പോയി. മരണകാരണമായ വെടിയുണ്ട കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഹാർബർ പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു. നാവികസേനയും അന്വേഷണം പ്രഖ്യാപിച്ചു. മൃതദേഹം പോസ്റ്റുമോർട്ടത്തിനുശേഷം ബന്ധുക്കൾക്ക് വിട്ടുകൊടുത്തു.

സംസ്കാരം ചെറുതുരുത്തി ശാന്തിഘട്ടിൽ. ഗിരിജയാണു ഭാര്യ. മക്കൾ: അനീഷ, ബിനീഷ. മരുമക്കൾ: പ്രസൂൺ (എആർ ക്യാമ്പ് തൃശൂർ), അൽജിൻ. ശിവദാസൻ നേവൽ ബേസിലായിരുന്നു താമസം. ഭാര്യ തൃശൂരിലെ വീട്ടിലാണ് താമസം.

## ജയലളിത വാഗ്ദാനങ്ങൾ നടപ്പാക്കുന്നു

### 500 മദ്യഷാപ്പുകൾ പൂട്ടി; കാർഷികവായ്പ എഴുതിത്തള്ളി

**ചെന്നൈ:** 500 മദ്യവില്പനശാലകൾ അടച്ചും മദ്യവില്പനസമയം കുറച്ചും തമിഴ്നാട് മുഖ്യമന്ത്രി ജയലളിത തുടർച്ചയായ രണ്ടാം ഭരണത്തിനു തുടക്കമിട്ടു. കർഷകരുടെ വായ്പകൾ എഴുതിത്തള്ളുകയും ചെയ്തു. ഗാർഹിക ഉപയോക്താക്കൾക്കു രണ്ടുമാസം കൂടുമ്പോൾ 100 യൂണിറ്റ് വൈദ്യുതി സൗജന്യമായി കിട്ടും.

ഇന്നലെ ഉച്ചയ്ക്കു ഗവർണർ കെ. റോസയ്യ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് ജയലളിതയും 28 മന്ത്രിമാരും സ്ഥാനമേറ്റു. 28 മന്ത്രിമാരെ 14 വീതം രണ്ടു ഗ്രൂപ്പാക്കി കൂട്ടസത്യപ്രതിജ്ഞ നടത്തുകയാ യിരുന്നു. തുടർന്ന് സെക്രട്ടേറിയറ്റിൽ എത്തിയ ജയലളിത ആദ്യം ചെയ്തതു തെരഞ്ഞെടുപ്പു വാഗ്ദാനം പാലിക്കുന്ന അഞ്ചു തീരുമാനങ്ങൾക്ക് ഉത്തരവിറക്കുകയായിരുന്നു.

അഞ്ഞൂറു മദ്യഷാപ്പുകൾ പൂട്ടുമ്പോൾ സംസ്ഥാനത്ത് മദ്യവില്പനശാലകളുടെ എണ്ണം 6220 ആയി കുറയും. മദ്യക്കടകളുടെ പ്രവർത്തനസമയം ഉച്ചയ്ക്കു 12 മുതൽ രാത്രി പത്തുവരെയാക്കി. രാവിലെ പത്തിനാണ് ഇതുവരെ തുറന്നിരുന്നത്.

ചെറുകിട- ഇടത്തരം കർഷകർ ബാങ്കുകളിലും സഹകരണ ബാങ്കുകളിലും നിന്നെടുത്ത വിള വായ്പകളും ഹ്രസ്വ- ദീർഘകാല വായ്പകളും എഴുതിത്തള്ളി. ഇതിന് 5780 കോടി രൂപ ചെലവാകും.

നൂറു യൂണിറ്റ് വൈദ്യുതി സൗജന്യമാക്കുന്നതിന് 1607 കോടി രൂപ ചെലവാകും. ഇപ്പോൾ ഗാർഹിക ഉപയോക്താക്കൾക്കു നൽകുന്ന 3000 കോടി രൂപയുടെ സബ്സിഡിക്കു പുറമെയാണിത്. കർഷകർക്കും പവർലൂം നെയ്ത്തുകാർക്കും നൽകുന്ന സബ്സിഡി കൂടി ചേരുമ്പോൾ മൊത്തം വൈദ്യുതി സബ്സിഡി 6500 കോടിക്കു മുകളിലാകും.

ദരിദ്ര പെൺകുട്ടികൾക്കു വിവാഹാവസരത്തിൽ നാലുഗ്രാം സ്വർണം നൽകുന്നത് എട്ടു ഗ്രാമായി വർധിപ്പിച്ചു.സ്കൂളുകളിൽ പ്രഭാതഭക്ഷണം നൽകുമെന്ന തെരഞ്ഞെടുപ്പു വാഗ്ദാനം നടപ്പാക്കാനും ഉത്തരവിറക്കി.

ജയലളിതയുടെ നേതൃത്വത്തിൽ 29 അംഗ മന്ത്രിസഭ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റ് മണിക്കൂറുകൾക്കകം നാലുപേരെകൂടി മന്ത്രിസഭയിലെടുത്തു. ഇതിലൊരാൾ സ്ത്രീയാണ്. ഇതോടെ 33 അംഗ മന്ത്രിസഭയിൽ സ്ത്രീകൾ അഞ്ചായി. പുതിയ നാലുപേർ ബുധനാഴ്ച വൈകുന്നേരം രാജ്ഭവനിൽ സത്യപ്രതിജ്ഞ ചെയ്യും.

മുൻ മുഖ്യമന്ത്രി ഒ. പനീർശെൽവം പുതിയ മന്ത്രിസഭയിലും ധനമന്ത്രിയാണ്. ആഭ്യന്തരം ജയലളിത തന്നെ വഹിക്കുന്നു.

പിണറായി വിജയനെ നിയമസഭാകക്ഷി നേതാവായി തെരഞ്ഞെടുത്തുകൊണ്ടുള്ള കത്ത് സിപിഎം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ, എ.കെ. ശശീന്ദ്രൻ, ഇ. ചന്ദ്രശേഖരൻ എന്നിവർ രാജ്ഭവനിലെത്തി ഗവർണർ ജസ്റ്റീസ് പി. സദാശിവത്തിനു കൈമാറിയപ്പോൾ. - ദീപിക

# പിണറായി വിജയനെ മന്ത്രിസഭ രൂപീകരിക്കാൻ ക്ഷണിച്ചു

**തിരുവനന്തപുരം:** നിയമസഭാ തെരഞ്ഞെടുപ്പിൽ ഇടതുമുന്നണി നേടിയ വിജയത്തെത്തുടർന്നു സിപിഎം നേതാവ് പിണറായി വിജയനെ മന്ത്രിസഭ രൂപീകരിക്കാൻ ക്ഷണിച്ചുകൊണ്ടു ഗവർണർ ജസ്റ്റീസ് പി. സദാശിവം കത്തു നൽകി.

മന്ത്രിസഭയിലെ അംഗങ്ങളുടെ പേര് അടക്കമുള്ള വിവരങ്ങൾ ഉടൻ നൽകാൻ ഗവർണറുടെ കത്തിൽ നിർദേശിച്ചു.

ഗവർണറുടെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ പിണറായി വിജയൻ നാളെ രാവിലെ ഗവർണറെ കാണും. ഇന്നലെ സിപിഎം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ രാജ്ഭവനിലെത്തി ഗവർണറെ കണ്ടു. പിണറായി വിജയനെ എൽഡിഎഫ് നിയമസഭാ കക്ഷി നേതാവായി തീരുമാനിച്ച കത്തും ഘടകകക്ഷികളുടെ പിന്തുണ തെളിയിക്കുന്ന കത്തും ഗവർണർക്കു കൈമാറി. ഇ. ചന്ദ്രശേഖരൻ, എ.കെ. ശശീന്ദ്രൻ എന്നിവരും കോടിയേരിക്കൊപ്പമുണ്ടായിരുന്നു.

ഇതേത്തുടർന്നാണു ഭരണഘടനയുടെ 164 (1) വകുപ്പനുസരിച്ചു ഗവർണർ പിണറായി വിജയനെ മന്ത്രിസഭാ രൂപീകരണത്തിനു ക്ഷണിച്ചത്.

നാളെ വൈകുന്നേരം നാലിനു തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിലാണു സത്യപ്രതിജ്ഞാ ചടങ്ങുകൾ നടക്കുക.

# ശ്രീനഗറിൽ ഇരട്ട ഭീകരാക്രമണം; മൂന്നു പോലീസുകാർ കൊല്ലപ്പെട്ടു

**ശ്രീനഗർ:** ജമ്മു കാഷ്മീരിന്റെ തലസ്ഥാനമായ ശ്രീനഗറിൽ പോലീസിനു നേരേ ഇരട്ട ഭീകരാക്രമണം. രണ്ടിടത്തായി നടന്ന ആക്രമണത്തിൽ ഒരു ഓഫീസർ ഉൾപ്പെടെ മൂന്നു പോലീസുകാർ കൊല്ലപ്പെട്ടു. ആക്രമണത്തിനു ശേഷം പോലീസുകാരുടെ തോക്കുകൾ കൈവശപ്പെടുത്തി ഭീകരർ രക്ഷപ്പെട്ടതായാണു വിവരം. തീവ്രവാദികൾക്കായുള്ള തെരച്ചിൽ പോലീസ് ശക്തമാക്കി. ആക്രമണത്തിന്റെ ഉത്തരവാദിത്തം ഭീകരസംഘടനയായ ഹിസ്ബുൾ മുജാഹിദീൻ ഏറ്റെടുത്തു. വരും ദിവസങ്ങളിലും സമാനമായ ആക്രമണം നടത്തുമെന്ന് ഹിസ്ബുൾ ഭീഷണി മുഴക്കി. ഇതേത്തുടർന്ന് സുരക്ഷ ശക്തിപ്പെടുത്തി.

സെൻട്രൽ ശ്രീനഗറിലെ സാദിബാൽ പോലീസ് സ്റ്റേഷനു സമീപം ഇന്നലെ രാവിലെ 10.45ഓടെയാണ് ആദ്യ ആക്രമണം. മൂന്നുവർഷത്തിനു ശേഷമാണു ശ്രീനഗറിൽ ഭീകരാക്രമണം. അതിർത്തിയിലെ നുഴഞ്ഞുകയറ്റവും ഇക്കൊല്ലം വർധിച്ചിട്ടുണ്ട്. ബൈക്കിലെത്തിയ തീവ്രവാദികൾ പോലീസുകാർക്കു നേരേ വെടിയുതിർത്തശേഷം രക്ഷപ്പെടുകയായിരുന്നു.

# തോൽവി വിലയിരുത്താൻ ക്യാമ്പ് എക്സിക്യൂട്ടീവിന് കെപിസിസി

**തിരുവനന്തപുരം:** തെരഞ്ഞെടുപ്പു പരാജയത്തിന്റെ വിലയിരുത്തലിനും പാർട്ടിയെ ശക്തിപ്പെടുത്തുന്നതിനു രൂപരേഖ തയാറാക്കുന്നതിനുമായി കെപിസിസി ജൂൺ നാല്, അഞ്ച് തീയതികളിൽ ക്യാമ്പ് എക്സിക്യൂട്ടീവ് നടത്തുമെന്ന് കെപിസിസി പ്രസിഡന്റ് വി.എം. സുധീരൻ. തെരഞ്ഞെടുപ്പിൽ മത്സരിച്ച കോൺഗ്രസ് സ്ഥാനാർഥികളെക്കൂടി പങ്കെടുപ്പിച്ചു കൊണ്ടായിരിക്കും രണ്ടു ദിവസത്തെ എക്സിക്യൂട്ടീവ് യോഗം.

ഇന്നലെ ചേർന്ന കെപിസിസി എക്സിക്യൂട്ടീവിൽ തെരഞ്ഞെടുപ്പു സംബന്ധിച്ച വിശകലനം നടന്നില്ല. ഡിസിസി പ്രസിഡന്റുമാർ ജില്ലാതല റിപ്പോർട്ടിംഗ് നടത്തിയ ശേഷം വിശദമായ ചർച്ച പിന്നീടു നടത്താമെന്നു തീരുമാനിക്കുകയായിരുന്നു. ക്രിയാത്മക പ്രതിപക്ഷമായി പ്രവർത്തിക്കുമെന്ന് വി.എം. സുധീരൻ നിർവാഹകസമിതി യോഗത്തിനു ശേഷം നടത്തിയ വാർത്താസമ്മേളനത്തിൽ പറഞ്ഞു. പ്രതിപക്ഷത്തിരിക്കാനുള്ള ജനവിധി അംഗീകരിക്കുന്നു. പുതിയ സർക്കാർ ചെയ്യുന്ന നല്ല കാര്യങ്ങൾക്കു പിന്തുണ നൽകും.

അടുത്ത മാസം ആദ്യം ചേരുന്ന ക്യാമ്പ് എക്സിക്യൂട്ടീവിൽ ആദ്യ ദിവസം മണ്ഡലം അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പു വിശകലനം നടത്തും. രണ്ടാം ദിവസം ലോക്സഭാ തെരഞ്ഞെടുപ്പിലേക്കു പാർട്ടിയെ സജ്ജമാക്കുന്നതിനുള്ള പടികൾക്കു രൂപം നൽകും.

പരാജയത്തിന്റെ ആഴം കുറച്ചുകാണുന്നില്ലെന്നു സുധീരൻ പറഞ്ഞു. മദ്യനയം തെരഞ്ഞെടുപ്പിൽ തിരിച്ചടിയായിട്ടില്ല. മദ്യലോബി അങ്ങനെയൊരു പ്രചാരണം അഴിച്ചുവിടുന്നുണ്ട്. എന്നാൽ, അതു ശരിയല്ല. മദ്യം മാത്രമല്ല തെരഞ്ഞെടുപ്പിൽ ചർച്ചയായത്. പല വിഷയങ്ങളിൽ ഒന്നു മാത്രമായിരുന്നു അത്. എൽഡിഎഫിനെ പരാജയപ്പെടുത്തുമെന്ന് വെള്ളാപ്പള്ളി നടേശൻ ഇടുക്കിയിലെ ഉടുമ്പൻചോലയിൽ പോയി പറഞ്ഞതുകൊണ്ട് അവിടെ എൽഡിഎഫ് ജയിച്ചു.

ഫലപ്രഖ്യാപനത്തിനു ശേഷം സംസ്ഥാനത്ത് വ്യാപക അക്രമങ്ങൾ നടക്കുകയാണ്. പിണറായിയിൽ ഉൾപ്പെടെ നാലു കോൺഗ്രസ് ഓഫീസുകൾ ആക്രമിക്കപ്പെട്ടു. ഇത്തരം അക്രമങ്ങൾ അംഗീകരിക്കാനാകില്ല. അക്രമപ്രവർത്തനത്തിനെതിരേ കർശന നടപടി വേണമെന്നും സുധീരൻ ആവശ്യപ്പെട്ടു.

നേതൃത്വത്തിന്റെ ഭാഗത്തുനിന്നു ചില വീഴ്ചകളുണ്ടായിട്ടുണ്ടെന്ന് എക്സിക്യൂട്ടീവ് യോഗത്തിന്റെ തുടക്കത്തിൽതന്നെ സുധീരൻ സമ്മതിച്ചു. തെരഞ്ഞെടുപ്പു പരാജയത്തേക്കുറിച്ചു വിശദമായ ചർച്ച ഇന്നലെ നടത്തേണ്ടെന്ന് ഉമ്മൻ ചാണ്ടിയും രമേശ് ചെന്നിത്തലയും വി.എം. സുധീരനും എക്സിക്യൂട്ടീവ് യോഗത്തിനു മുമ്പായി യോഗം ചേർന്നു തീരുമാനിച്ചിരുന്നു.

കെപിസിസി യോഗത്തിൽ രമേശ് ചെന്നിത്തല, ഉമ്മൻ ചാണ്ടി, കെപിസിസി പ്രസിഡന്റ് വി.എം.സുധീരൻ എന്നിവർ. -ദീപിക

## ഹൈക്കമാൻഡ് നിർദേശം ലഭിച്ചാലുടൻ പ്രതിപക്ഷനേതാവിനെ തെരഞ്ഞെടുക്കും: സുധീരൻ

**തിരുവനന്തപുരം:** ഹൈക്കമാൻഡ് നിർദേശം ലഭിച്ചാൽ ഉടൻതന്നെ പ്രതിപക്ഷ നേതാവിനെ തെരഞ്ഞെടുക്കുമെന്നു കെപിസിസി പ്രസിഡന്റ് വി.എം. സുധീരൻ. ഉമ്മൻ ചാണ്ടിയും രമേശ് ചെന്നിത്തലയും താനും ഹൈക്കമാൻഡുമായി ആശയവിനിമയം നടത്തിയിരുന്നു. എന്നാൽ, തെരഞ്ഞെടുപ്പു തോൽവിയുടെ ഉത്തരവാദിത്വം ഏറ്റെടുത്തു കെപിസിസി പ്രസിഡന്റ് സ്ഥാനം രാജിവയ്ക്കാൻ ഉദ്ദേശിക്കുന്നില്ലെന്ന സൂചന സുധീരൻ നൽകി.

തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ട പശ്ചാത്തലത്തിൽ പ്രതിപക്ഷനേതാവാകാനില്ലെന്ന ഉമ്മൻ ചാണ്ടിയുടെ നിലപാട് ചൂണ്ടിക്കാട്ടിയും, തെരഞ്ഞെടുപ്പിലെ പ്രകടനത്തിന് തുല്യ ഉത്തരവാദിത്വമാണെന്ന പ്രഖ്യാപനം ചൂണ്ടിക്കാട്ടിയുമായിരുന്നു സുധീരനോട് രാജിവയ്ക്കുമോ എന്ന ചോദ്യമുന്നയിച്ചത്.

പരാജയത്തിൽനിന്നു പാഠം ഉൾക്കൊണ്ട് തിരുത്തലുകൾ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്നായിരുന്നു സുധീരന്റെ മറുപടി.

**തെരഞ്ഞെടുപ്പു പരാജയം**

## ഉത്തരവാദികൾക്കെതിരേ നടപടി വേണമെന്നു ശശി തരൂർ

**സ്വന്തം ലേഖകൻ**

**ന്യൂഡൽഹി:** നിയമസഭാ തെരഞ്ഞെടുപ്പിൽ കേരളത്തിൽ കോൺഗ്രസിനേറ്റ കനത്ത പരാജയത്തിന്റെ ഉത്തരവാദികൾക്കെതിരേ നടപടിയെടുക്കണമെന്നു ശശി തരൂർ എംപി കോൺഗ്രസ് അധ്യക്ഷ സോണിയ ഗാന്ധിയോട് ആവശ്യപ്പെട്ടു. ഇന്നലെ രാവിലെ പത്ത് ജൻപഥിലെ സോണിയയുടെ വസതിയിലെത്തിയാണു തരൂർ കൂടിക്കാഴ്ച നടത്തിയത്. ഒരു മണിക്കൂർ നീണ്ടുനിന്ന കൂടിക്കാഴ്ചയ്ക്കുശേഷം കേരളത്തിലെ പരാജയത്തിന്റെ ഉത്തരവാദിത്തം ഉമ്മൻ ചാണ്ടിക്കു മാത്രമല്ലെന്നാണ് ശശി തരൂർ മാധ്യമപ്രവർത്തകരോടു പറഞ്ഞത്.

സ്ഥാനാർഥിനിർണയം അടക്കമുള്ള കാര്യങ്ങളിൽ രമേശ് ചെന്നിത്തലയ്ക്കും സുധീരനും ഉത്തരവാദിത്തമുണ്ട്. കേരളത്തിലെ തെരഞ്ഞെടുപ്പു പരാജയം ഹൈക്കമൻഡ് ഗൗരവത്തോടെയാണു കാണുന്നതെന്നും തരൂർ വ്യക്തമാക്കി.

# വി.എസ്. സുനിൽകുമാർ, പി.തിലോത്തമൻ, കെ.രാജു, ഇ. ചന്ദ്രശേഖരൻ സിപിഐ മന്ത്രിമാർ

**സ്വന്തം ലേഖകൻ**

**തിരുവനന്തപുരം:** സി. ദിവാകരനെയും മുല്ലക്കര രത്നാകരനെയും ഒഴിവാക്കി നാലു പുതുമുഖങ്ങളെ മന്ത്രിമാരാക്കാൻ ഇന്നലെ ചേർന്ന സിപിഐ സംസ്ഥാന കൗൺസിൽ തീരുമാനിച്ചു. വി.എസ്. സുനിൽകുമാർ, പി. തിലോത്തമൻ, ഇ.ചന്ദ്രശേഖരൻ, കെ. രാജു എന്നിവരാണു മന്ത്രിമാർ. ചിറയിൻകീഴ് മണ്ഡലത്തിൽ നിന്നു വിജയിച്ച വി. ശശിയാണു ഡെപ്യൂട്ടി സ്പീക്കർ.

മന്ത്രിസ്ഥാനത്തേക്കു പരിഗണിക്കാതിരുന്ന ദിവാകരനെ സിപിഐ നിയമസഭാകക്ഷി നേതാവായിപ്പോലും പരിഗണിച്ചില്ല. ഇ. ചന്ദ്രശേഖരനാണു നിയമസഭാ കക്ഷി നേതാവ്. നാളെ ചേരുന്ന സിപിഐ സംസ്ഥാന എക്സിക്യൂട്ടീവ് മന്ത്രിമാരുടെ വകുപ്പുകൾ തീരുമാനിക്കും.

മന്ത്രിമാരെ നിശ്ചയിക്കാൻ ഇന്നലെ രാവിലെ ചേർന്ന സിപിഐ സംസ്ഥാന എക്സിക്യൂട്ടീവ് യോഗത്തിൽ മന്ത്രിമാരായി പുതുമുഖങ്ങളെ തീരുമാനിക്കണമെന്നു പാർട്ടി സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ നിർദേശം വച്ചു.

പാർട്ടി സെക്രട്ടറിയുടെ നിർദേശം ഏകാധിപത്യപരമാണെന്നും സീനിയർ നേതാവായ തന്നെ അപമാനിക്കുന്നതിനു സമമാണ് ഈ നിർദേശമെന്നും സി. ദിവാകരൻ എക്സിക്യൂട്ടീവിൽ പറഞ്ഞു. ദിവാകരനൊപ്പം മുല്ലക്കര രത്നാകരനും ചേർന്നതോടെ യോഗം ശക്തമായ വാക്കേറ്റങ്ങൾക്കു വേദിയായി.

ഇതിനിടെ, കെ. രാജു, വി.എസ്. സുനിൽകുമാർ, പി. തിലോത്തമൻ, ഇ.ചന്ദ്രശേഖരൻ എന്നിവരെ മന്ത്രിമാരായും വി.ശശിയെ ഡെപ്യൂട്ടി സ്പീക്കറായും നിർദേശിച്ചുകൊണ്ടുള്ള എക്സിക്യൂട്ടീവ് തീരുമാനം സംസ്ഥാന കൗൺസിലിനു വിടാൻ തീരുമാനിക്കുകയായിരുന്നു.

മന്ത്രിയാകാൻ താൻ പ്രാപ്തനല്ലെന്ന് ഇപ്പോൾ പാർട്ടിക്കു തോന്നിയെങ്കിൽ ചടയമംഗലത്തു പുതുമുഖങ്ങളെ ആരെയെങ്കിലും മത്സരിപ്പിക്കാമായിരുന്നുവെന്ന് എക്സിക്യൂട്ടീവിൽ മുല്ലക്കര പറഞ്ഞു. തുടർന്നു ചേർന്ന സംസ്ഥാന കൗൺസിലിൽ അദ്ദേഹം പങ്കെടുത്തില്ല.

എക്സിക്യൂട്ടീവ് തീരുമാനം കാനം രാജേന്ദ്രൻ സംസ്ഥാന കൗൺസിലിൽ അവതരിപ്പിച്ചു. ദിവാകരനെയും മുല്ലക്കരയെയും മന്ത്രിമാരാക്കാത്തതിൽ കൗൺസിലിൽ പ്രതിഷേധമുണ്ടാകുമെന്നു കരുതിയെങ്കിലും ചുരുക്കം ചില അഭിപ്രായങ്ങൾ മാത്രമാണ് ഉയർന്നത്. തിരുവനന്തപുരം ജില്ലയ്ക്കു പ്രാതിനിധ്യം നൽകുന്നതിന്റെ ഭാഗമായാണ് ഇ.എസ്. ബിജിമോളെ ഒഴിവാക്കി വി. ശശിയെ ഡെപ്യൂട്ടി സ്പീക്കറാക്കാൻ തീരുമാനിച്ചത്.

വകുപ്പുകളെ സംബന്ധിച്ചു നാളെ സത്യപ്രതിജ്ഞയ്ക്കു മുമ്പു സിപിഐ എക്സിക്യൂട്ടീവ് കൂടി തീരുമാനമെടുക്കും. ഇതു സംബന്ധിച്ചു സിപിഐ നേതാക്കൾ ഇന്നലെ സിപിഎം നേതാക്കളുമായി ചർച്ച നടത്തിയിരുന്നു. 2006-ലെ സർക്കാരിന്റെ കാലത്തുണ്ടായിരുന്ന വകുപ്പുകൾ തന്നെയാകും സിപിഐക്ക് ഇക്കുറിയും ലഭിക്കുക.

## ഇ. ചന്ദ്രശേഖരൻ സിപിഐ നിയമസഭാകക്ഷി നേതാവ്

**തിരുവനന്തപുരം:** സിപിഐ നിയമസഭാകക്ഷി നേതാവായി ഇ. ചന്ദ്രശേഖരനെ തെരഞ്ഞെടുത്തു. സിപിഐ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രന്റെ അധ്യക്ഷതയിൽ തിരുവനന്തപുരത്തു ചേർന്ന നിയമസഭാകക്ഷി യോഗമാണ് ചന്ദ്രശേഖരനെ നേതാവായി തെരഞ്ഞെടുത്തത്.

ഉപനേതാവായി വി.എസ്. സുനിൽ കുമാറിനെയും സെക്രട്ടറിയായി ചിറ്റയം ഗോപകുമാറിനെയും വിപ്പായി ഇ.എസ്. ബിജിമോളെയും തെരഞ്ഞെടുത്തു. സിപിഐ കേന്ദ്ര സെക്രട്ടേറിയറ്റ് അംഗം പന്ന്യൻ രവീന്ദ്രൻ, ദേശീയ എക്സിക്യൂട്ടീവ് അംഗം കെ.ഇ. ഇസ്മയിൽ, സംസ്ഥാന അസി. സെക്രട്ടറിമാരായ കെ. പ്രകാശ് ബാബു, സത്യൻ മൊകേരി എന്നിവർ യോഗത്തിൽ സംബന്ധിച്ചു.



## എൻ.ജി. സേവ്യർ എട്ടുപറയിൽ നിര്യാതനായി

**കോട്ടയം:** കേരളത്തിലെ ആദ്യ ഫിലിം വിതരണക്കമ്പനി ജിയോ പിക്ചേഴ്സ്, ജിയോ മൂവി പ്രൊഡക്ഷൻസ് എന്നീ സ്ഥാപനങ്ങളുടെ പാർട്ട്ണറും പ്ലാന്ററുമായ എൻ.ജി. സേവ്യർ എട്ടുപറയിൽ (തങ്കപ്പൻ-83) നിര്യാതനായി. സംസ്കാരം ഇന്ന് 3.30ന് കോട്ടയം പോലീസ് ക്ലബ്ബിനു സമീപമുള്ള വസതിയിൽ ആരംഭിച്ച് ലൂർദ് ഫൊറോനാ പള്ളിയിൽ. ഭാര്യ: സില്ലമ്മ സേവ്യർ പുളിങ്കുന്ന് വാച്ചാപറമ്പിൽ പരുത്തിക്കൽ കുടുംബാംഗം. പരേതൻ ദീർഘകാലം കാത്തലിക് അസോസിയേഷന്റെ ട്രഷററായി പ്രവർത്തിച്ചിട്ടുണ്ട്.

മക്കൾ: എൻ.എക്സ് ജോർജ്, ജയ ചെറിയാൻ, തോമസ് ജോർജ്. മരുമക്കൾ: ബിനു ജോർജ് (കളപ്പുരയ്ക്കൽ, തിരുവനന്തപുരം), ചെറിയാൻ നെല്ലിപ്പുഴ (കോട്ടയം), പ്രിയ തോമസ് കവലയ്ക്കാട്ട് (തൃശൂർ). സഹോദരങ്ങൾ: എൻ.ജി. ജോൺ (എറണാകുളം), മാത്യു ജോർജ്(യുഎസ്എ), തോമസ് ജോർജ് (എറണാകുളം), ഡോ. ജോസഫ് ജോർജ് (യുഎസ്എ), പരേതനായ എൻ.ജി.ജോർജ് (എറണാകുളം), കുര്യൻ ജോർജ് (യുഎസ്എ), ലീലാമ്മ ഉമ്മൻ മേളാംപറമ്പിൽ (തിരുവല്ല), മറിയമ്മ മാത്യു അന്ത്രപ്പേർ (എറണാകുളം).

## എൻസിപി മന്ത്രിപദം വീതംവയ്ക്കും

**തിരുവനന്തപുരം:** എൽഡിഎഫ് മന്ത്രിസഭയിൽ എൻസിപിക്ക് ലഭിച്ച മന്ത്രിസ്ഥാനം രണ്ടര വർഷം വീതം വീതം വയ്ക്കാൻ ധാരണയായി. എലത്തൂരിൽനിന്നു വിജയിച്ച എ.കെ. ശശീന്ദ്രൻ ആദ്യ രണ്ടര വർഷം മന്ത്രിയാകും. പിന്നീടു രണ്ടര വർഷം കുട്ടനാട്ടിൽനിന്നു വിജയിച്ച തോമസ് ചാണ്ടി മന്ത്രിയാകും. ദേശീയ അധ്യക്ഷൻ ശരത് പവാറിന്റെ നിർദേശപ്രകാരമാണ് തീരുമാനം.

# സഹോദരങ്ങളടക്കം മൂന്നു വിദ്യാർഥികൾ മുങ്ങി മരിച്ചു

**ശ്രീകണ്ഠപുരം(കണ്ണൂർ):** സഹോദരങ്ങളടക്കം മൂന്നു സ്കൂൾ വിദ്യാർഥികൾ ചെങ്ങളായി പുഴയിൽ മുങ്ങിമരിച്ചു. പുഴയിലൂടെ ഒഴുകിവന്ന തേങ്ങ പിടിക്കാനുള്ള ശ്രമത്തിനിടെ ഇന്നലെ ഉച്ചകഴിഞ്ഞ് രണ്ടരയോടെയായിരുന്നു ദുരന്തം. ചെങ്ങളായി കോട്ടപ്പറമ്പിലെ ചെരുവിൽ മുരളീധരൻ-പണ്ണേരി രജനി ദമ്പതികളുടെ മക്കളായ അമൽകൃഷ്ണ (14), അതുൽകൃഷ്ണ (12), കോട്ടപ്പറമ്പിലെ പാറമ്മൽ ഹനീഫ-സുനിജിത്ത് ദമ്പതികളുടെ മകൻ ഹാഫിസ് (15) എന്നിവരാണു മരിച്ചത്. വീട്ടിൽനിന്നു മൂന്നുകിലോമീറ്ററോളം ദൂരെ മുങ്ങംകടവിൽ കുളിക്കാനെത്തിയതായിരുന്നു കുട്ടികൾ. ജിത്തു എന്ന മറ്റൊരു കുട്ടിയും ഇവർക്കൊപ്പമുണ്ടായിരുന്നെങ്കിലും പുഴയിൽ ഇറങ്ങിയിരുന്നില്ല. പുഴയിലൂടെ തേങ്ങ ഒഴുകി വരുന്നതുകണ്ട് ഇതു പിടിക്കാൻ മൂവരും വീണ്ടും പുഴയിലേക്ക് ഇറങ്ങിയതോടെ ചുഴിയിൽ അകപ്പെടുകയായിരുന്നു. ഹാഫിസിനെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. പിന്നീട് അമൽകൃഷ്ണ, അതുൽകൃഷ്ണ എന്നിവരുടെ മൃതദേഹങ്ങൾ കണ്ടെത്തി. അമലിന്റെയും അതുലിന്റെയും മൃതദേഹങ്ങൾ ഇന്ന് ഉച്ചയ്ക്ക് ഒന്നിനു വീട്ടുവളപ്പിൽ സംസ്കരിക്കും. ഹാഫിസിന്റെ മൃതദേഹം ഇന്ന് ഉച്ചകഴിഞ്ഞ് രണ്ടോടെ ചെങ്ങളായി ടൗൺ ജുമാമസ്ജിദിൽ കബറടക്കും. അമൽകൃഷ്ണ ശ്രീകണ്ഠപുരം ഗവ. ഹയർ സെക്കൻഡറി സ്കൂൾ പത്താംക്ലാസ് വിദ്യാർഥിയും അതുൽകൃഷ്ണ നിടുവാലൂർ യുപി സ്കൂൾ ഏഴാംക്ലാസ് വിദ്യാർഥിയുമാണ്. അശ്വന്ത് (അഞ്ചു) എന്ന സഹോദരൻ ഇവർക്കുണ്ട്. കുറുമാത്തൂർഗവ ഹയർ സെക്കൻഡറി സ്കൂൾ പ്ലസ് വൺ വിദ്യാർഥിയാണു മരിച്ച ഹാഫിസ്. സഹോദരി: ലുബിന (ശ്രീകണ്ഠപുരം ഗവ. ഹയർസെക്കൻഡറി സ്കൂൾ വിദ്യാർഥിനി).

അമൽകൃഷ്ണ

അതുൽ കൃഷ്ണ

ഹാഫിസ്

# ബ്രെഡ് ആരോഗ്യത്തിനു ഹാനികരമെന്നു റിപ്പോർട്ട്

**സെബി മാത്യു**

**ന്യൂഡൽഹി:** പതിവായി ബ്രെഡ് കഴിക്കുന്നവർ കാൻസർ രോഗികളായി മാറുമെന്നു പഠനറിപ്പോർട്ട്. പല രാജ്യങ്ങളിലും നിരോധിക്കപ്പെട്ട മാരകമായ രാസവസ്തുക്കൾ ഇന്ത്യയിൽ ഉത്പാദിപ്പിക്കുന്ന ബ്രെഡുകളിൽ അടങ്ങിയിട്ടുണ്ടെന്നാണു പുതിയ പഠനങ്ങൾ വെളിപ്പെടുത്തുന്നത്. മാരക രാസവസ്തുക്കളായ പൊട്ടാസ്യം ബ്രോമേറ്റ്, പൊട്ടാസ്യം അയോഡേറ്റ് എന്നിവയുടെ അപകടകരമായ വിധത്തിലുള്ള സാന്നിധ്യം ഇന്ത്യയിൽ ഉത്പാദിപ്പിക്കുന്ന ബ്രെഡുകളിൽ ഉണ്ടെന്നാണു സെന്റർ ഫോർ സയൻസ് ആൻഡ് എൻവയോൺമെന്റ് (സിഎസ്ഇ) നടത്തിയ പഠനത്തിൽ കണ്ടെത്തിയിരിക്കുന്നത്. ബ്രെഡിനു മാർദവം കിട്ടാനും മിനുസം തോന്നാനുമാണ് പൊട്ടാസ്യം ബ്രോമേറ്റ് ഉപയോഗിക്കുന്നത്.

ഡൽഹിയിൽ വിൽപ്പന നടത്തുന്ന ബ്രെഡുകൾ പരിശോധിച്ചതിൽ പൊട്ടാസ്യം ബ്രോമേറ്റിന്റെയും അയോഡേറ്റിന്റെയും സാന്നിധ്യം കണ്ടെത്തി. കാറ്റഗറി രണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള രാസവസ്തുവായ പൊട്ടാസ്യം ബ്രോമേറ്റ് ഉള്ളിൽ ചെല്ലുന്നത് കാൻസറിനു കാരണമാകും. പല വിദേശരാജ്യങ്ങളിലും ഈ രാസവസ്തു ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നതു നിരോധിച്ചിട്ടുണ്ട്. തൈറോയിഡിലും മറ്റും കാൻസറിനു കാരണമാകുന്ന രാസവസ്തുവാണ് പൊട്ടാസ്യം അയോഡേറ്റ്. ഭക്ഷ്യവസ്തുക്കളിൽ ഈ രണ്ടു രാസ പദാർഥങ്ങളുടെയും സാന്നിധ്യം നിരോധിക്കണമെന്ന് സിഎസ്ഇ ശിപാർശ ചെയ്യുന്നു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭക്ഷ്യസുരക്ഷാ അഥോറിറ്റി അടിയന്തരമായി ഇടപെട്ട് ഈ രാസവസ്തുക്കൾ ഭക്ഷ്യവസ്തുക്കളിൽ ചേർക്കുന്നതു തടണമെന്നാണു ശിപാർശ.

വൈറ്റ് ബ്രെഡ്, പാവ്, ബണ്ണ്, പീസ, ബർഗർ തുടങ്ങിയ ഉത്പന്നങ്ങളാണ് സിഎസ്ഇ പരിശോധിച്ചത്. 24 ബ്രാൻഡുകളുള്ള ബ്രെഡുകളിൽ 19 എണ്ണത്തിലും പൊട്ടാസ്യം ബ്രോമേറ്റും അയോഡേറ്റും 1.15-22.54 പിപിഎം(പാർട്സ് പെർ മില്യൺ) എന്ന അളവിൽ അടങ്ങിയതായി കണ്ടെത്തിയിട്ടുണ്ട്. വൈറ്റ് ബ്രെഡ്, സാൻഡ്വിച്ച് ബ്രെഡ്, പാവ്, ബണ്ണ് എന്നിവയിലാണ് ഈ രാസവസ്തുക്കളുടെ സാന്നിധ്യം ഏറെയും കണ്ടെത്തിയിരിക്കുന്നത്. പെർഫക്ട് ബ്രെഡ്, ഹാർവെസ്റ്റ് ഗോൾഡ്, ബ്രിട്ടാനിയ തുടങ്ങിയ ബ്രാൻഡുകളുടെ ബ്രെഡിലാണ് ഉയർന്ന അളവിൽ രാസസാന്നിധ്യം കണ്ടെത്തിയത്. എന്നാൽ, രാസവസ്തുക്കൾ ഉപയോഗിക്കുന്നില്ലെന്നാണു ബ്രിട്ടാനിയയുടെ വിശദീകരണം. കെഎഫ്സി, പീസ ഹട്ട്, ഡോമിനോസ്, സബ് വേ, മക്ഡൊണാൾഡ്സ് എന്നിവയുടെ ഉത്പന്നങ്ങളിലും പൊട്ടാസ്യം ബ്രോമേറ്റിന്റെയും അയോഡേറ്റിന്റെയും സാന്നിധ്യം കണ്ടെത്തി. ഇതിൽ ഡോമിനോസ് ഒഴികെ മറ്റെല്ലാ ബ്രാൻഡുകളും രാസവസ്തുക്കളുടെ ഉപയോഗം നിഷേധിച്ചു.

ഫാസ്റ്റ് ഫുഡ് ഔട്ട്ലെറ്റുകളായ നിറൂലാസിന്റെയും സ്ലൈസ് ഓഫ് ഇറ്റലിയുടെയും ഉത്പ്പന്നങ്ങളിലും ഈ രാസവസ്തുക്കളുടെ സാന്നിധ്യം കണ്ടെത്തിയിട്ടുണ്ട്. എന്നാൽ, സ്ലൈസ് ഓഫ് ഇറ്റലി ഇക്കാര്യം നിഷേധിച്ചു.

സിഎസ്സിഇയുടെ മലിനീകരണ നിരീക്ഷണ ലബോറട്ടറിയിൽ നടത്തിയ പരിശോധനയിലാണ് ഇന്ത്യയിൽ ഉത്പാദിപ്പിക്കുന്ന ബ്രെഡുകളിൽ ക്യാൻസറിനു കാരണമാകുന്ന രാസവസ്തുക്കളുടെ സാന്നിധ്യം കണ്ടെത്തിയത്. വിപണിയിൽ ലഭ്യമായ 38 ബ്രാൻഡ് ബ്രെഡുകൾ പരിശോധിച്ചതിൽ രാസവസ്തുക്കളുടെ സാന്നിധ്യം കണ്ടെത്തി. പരിശോധിച്ചവയിൽ 84 ശതമാനം സാമ്പിളുകളിലും പൊട്ടാസ്യം ബ്രോമേറ്റിന്റെയും അയോഡേറ്റിന്റെയും സാന്നിധ്യം കണ്ടെത്തി. സിഎസ്ഇക്കു പുറത്തു മറ്റൊരു ലാബിൽ നടത്തിയ പരിശോധനയിലും ബ്രെഡിൽ രാസവസ്തുക്കളുടെ സാന്നിധ്യം അപകടകരമായ അളവിൽ കണ്ടെത്തി. വ്യവസായികളും ശാസ്ത്രജ്ഞരുമായും ഇക്കാര്യം ചർച്ച ചെയ്തു. വിൽപ്പനയ്ക്കായി തയാറാക്കി വെച്ചിരിക്കുന്ന ബ്രെഡിൽ പൊട്ടാസ്യം ബ്രോമേറ്റിന്റെയും അയോഡേറ്റിന്റെയും സാന്നിധ്യം ഉറപ്പിച്ചുവെന്ന് സിഎസ്ഇ ഡെപ്യൂട്ടി ഡയറക്ടർ ചന്ദ്രഭൂഷൺ വ്യക്തമാക്കി. ബ്രെഡ് ഉണ്ടാക്കുന്നിതിനായുള്ള മാവ് തയാറാക്കുമ്പോഴാണ് ഈ രാസവസ്തുക്കൾ ചേർക്കുന്നത്. ഇന്ത്യയിൽ വിൽക്കപ്പെടുന്ന ഒട്ടുമിക്ക ബ്രാൻഡ് ബ്രെഡുകളിലും പൊട്ടാസ്യം ബ്രോമേറ്റിന്റെ സാന്നിധ്യമുണ്ടെന്നാണു ചന്ദ്രഭൂഷൺ വ്യക്തമാക്കുന്നത്.

പല ബ്രെഡ് കമ്പനികളും കവറിനു പുറത്ത് ഈ രാസവസ്തുവിന്റെ സാന്നിധ്യം രേഖപ്പെടുത്താറില്ല. സാൻഡ്വിച്ച് പോലുള്ള ഫാസ്റ്റ് ഫുഡുകളിലും ഇതു തിരിച്ചറിയാനുള്ള മാർഗമില്ല. പരിശോധനകൾക്കു സിഎസ്ഇ ബന്ധപ്പെട്ട പന്ത്രണ്ടു കമ്പനികളിൽ ആറെണ്ണം മാത്രമേ രാസവസ്തുക്കൾ ഉപയോഗിക്കുന്ന കാര്യം നിഷേധിച്ചിട്ടുള്ളൂ. ഒരു കമ്പനി തങ്ങളുടെ കവറിനു പുറത്ത് പൊട്ടാസ്യം ബ്രോമേറ്റിന്റെ സാന്നിധ്യം തുറന്നുപറഞ്ഞിട്ടുമുണ്ടെന്ന് സിഎസ്ഇയുടെ പ്രോഗ്രാം മാനേജർ അമിത് ഖുറാന പറഞ്ഞു.

### ▸▸ ▸▸ ഡൽഹിയിൽ വിൽപ്പന നടത്തുന്ന ബ്രെഡുകളിൽ മാരക രാസവസ്തുക്കൾ

## പൊട്ടാസ്യം ബ്രോമേറ്റ്

1989ൽ ഇന്റർനാഷണൽ ഏജൻസി ഫോർ റിസേർച്ച് ഓൺ കാൻസർ (ഐഎആർസി) നടത്തിയ പഠനത്തിൽ പൊട്ടാസ്യം ബ്രോമേറ്റ് കാൻസറിനു കാരണമാകുന്നുവെന്നു കണ്ടെത്തിയിരുന്നു. കിഡ്നിയിലും തൈറോയ്ഡിലും കാൻസർ ഉണ്ടാക്കുന്നതാണിതെന്നും പരീക്ഷണശാലയിലെ മൃഗങ്ങളിൽ ഉദരത്തിനുള്ളിലെ കാൻസറിനും ഇതു കാരണമാകുമെന്നും കണ്ടെത്തിയിരുന്നു. കാൻസറിനു കാരണമാകുമെന്നു ചൂണ്ടിക്കാട്ടി 1992ൽ ഭക്ഷ്യവസ്തുക്കളിൽ ഇതു ചേർക്കരുതെന്നു ലോകാരോഗ്യ സംഘടനയുടെ വിദഗ്ധ സമിതി നിർദേശിച്ചിരുന്നു. ഭക്ഷ്യവസ്തുക്കളിലെ ചേരുവകളെക്കുറിച്ചുള്ള വിദഗ്ധരുടെ സംയുക്ത സമിതിയാണ് ഈ നിർദേശം മുന്നോട്ടു വെച്ചത്. 1990ൽ യൂറോപ്യൻ യൂണിയൻ ഈ രാസവസ്തു നിരോധിച്ചിരുന്നു. തുടർന്ന് ബ്രിട്ടൻ, കാനഡ, ഓസ്ട്രേലിയ, ന്യൂസിലാൻഡ്, ചൈന, ശ്രീലങ്ക, ബ്രസീൽ, നൈജീരിയ, പെറു, കൊളംബിയ തുടങ്ങിയ രാജ്യങ്ങളിലും ഇതിനു നിരോധനം ഏർപ്പെടുത്തി.

വിൽപ്പനയ്ക്കു തയാറായ ഭക്ഷ്യ ഉത്പന്നത്തിൽ ഈ രാസവസ്തുക്കളുടെ സാന്നിധ്യം ഉണ്ടാകരുതെന്നാണു കർശന നിർദേശമുള്ളത്. എന്നാൽ, ഇതു ലംഘിക്കപ്പെട്ടു തുടങ്ങിയതോടെയാണു പല രാജ്യങ്ങളിലും ഈ രാസവസ്തു നിരോധിക്കപ്പെട്ടത്. വയറുവേദന, വയറിളക്കം, ഛർദി, കേൾവിക്കുറവ്, വൃക്കക്ഷയം, തലകറക്കം, മൂത്രസംബന്ധമായ അസുഖങ്ങൾ, ഹൈപ്പർ ടെൻഷൻ, വിഷാദം, ഞരമ്പുകളെ ബാധിക്കുന്ന അസുഖങ്ങൾ തുടങ്ങി നിരവധി ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്ന രാസപദാർഥമാണ് പൊട്ടാസ്യം ബ്രോമേറ്റ്.